## നിബന്ധനകൾ:

1. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തൃശ്ശൂർ ജില്ലാ കമ്മിറ്റി വ്യാപാരി വ്യവസായി ബെനവലന്റ് സൊസൈറ്റിയിലൂടെ ഏകോപന സമിതി അംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും ആരോഗ്യ പരിരക്ഷയും മരണാനന്തര കുടുംബ സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഭദ്രം വ്യാപാരി കുടുംബ സുരക്ഷാ പദ്ധതി.

2. "ഭദ്രം" പദ്ധതിയിൽ ആനുകൂല്യം അംഗങ്ങളായി ചേരുന്നവർക്ക് മാത്രമായിരിക്കും. ഇതൊരു സമ്പാദ്യ പദ്ധതിയല്ല. പദ്ധതിയിൽ അംഗങ്ങളായ വ്യാപാരികളുടെ ആരോഗ്യ പരിരക്ഷയും, കുടുംബത്തിന് മരണാനന്തര സഹായവും നൽകുന്നതിന് അംഗങ്ങൾ പരസ്പരം പങ്കാളികളാവുകയെന്നതാണ് പദ്ധതിയുടെ പ്രവർത്തന രീതി.

3. **ആനുകൂല്യങ്ങൾ:**

- "ഭദ്രം" പദ്ധതിയിൽ ചേർന്നിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ 10 ലക്ഷം രൂപ മരണാനന്തര ധനസഹായമായി നോമിനിക്ക് നൽകുന്നതാണ്.
- പദ്ധതി തുടങ്ങി 6 മാസങ്ങൾക്ക് ശേഷം പദ്ധതിയിൽ ചേർന്നിട്ടുള്ള അംഗങ്ങൾക്ക് താഴെ പറഞ്ഞിട്ടുള്ള അസുഖങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ മരണപ്പെടുന്ന അംഗങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകുമ്പോൾ ചികിത്സാ സഹായമായി അനുവദിച്ചിട്ടുള്ള തുക കഴിച്ച് ബാക്കി തുക മാത്രമേ നൽകുകയുള്ളൂ. അതായത് ഒരാൾക്ക് ആകെ ആനുകൂല്യം 10 ലക്ഷം രൂപ മാത്രമായിരിക്കും.

**ചികിത്സാ സഹായമായി അനുവദിക്കുന്ന തുകകൾ:**

| | |
|---|---|
| കിഡ്നി മാറ്റിവെക്കൽ | 3 ലക്ഷം |
| ലിവർ മാറ്റിവെക്കൽ/ ഹൃദയം മാറ്റിവെക്കൽ | 5 ലക്ഷം |
| ബൈപാസ് സർജറി | 1.50 ലക്ഷം |
| ക്യാൻസർമൂലം ഓപ്പറേഷൻ | 1 ലക്ഷം |
| ആൻജിയോ പ്ലാസ്റ്റി | 50,000 |
| സ്ട്രോക്ക് മൂലമോ മറ്റു കാരണങ്ങൾ മൂലമോ കിടപ്പിലായ രോഗികൾക്ക് | 1 ലക്ഷം |

- അപകടം മൂലം ആശുപത്രിയിൽ കിടത്തി ചികിത്സാ ആവശ്യം വന്നാൽ 50,000 രൂപക്ക് മുകളിൽ വരുന്ന ആശുപത്രി ബിൽ തുക (പരമാവധി 3 ലക്ഷം രൂപ വരെ) അനുവദിക്കുന്നതാണ്.
- ഏതെങ്കിലും സാഹചര്യത്തിൽ കൈകാലുകൾ, കണ്ണ് എന്നിവ നഷ്ടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ 2 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.

4. കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ തൃശ്ശൂർ ജില്ലയിലെ യൂണിറ്റുകൾ വഴി ഭദ്രം പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്. ഇതൊരു കുടുംബ സുരക്ഷാ പദ്ധതി ആയതിനാൽ ഈ പദ്ധതിയിൽ ചേരുന്ന ഓരോ അംഗവും ഭാര്യ ഭർത്താവിനേയോ / ഭർത്താവ് ഭാര്യയേയോ/ കുടുംബത്തിലെ മറ്റേതെങ്കിലും ഒരംഗത്തേയോ നിർബന്ധമായും ചേർക്കേണ്ടതാണ്. പദ്ധതിയിൽ വ്യാപാരിയുടെ മക്കൾ, മരുമക്കൾ, സ്ഥാപനത്തിന്റെ പാർട്ണേഴ്സ്, അവരുടെ കുടുംബാംഗങ്ങൾ എന്നിവരേയും ചേർക്കാവുന്നതാണ്.

5. ഈ പദ്ധതിയിൽ 18 വയസ്സിന് മുകളിലും 1956 ജനുവരി ഒന്നിനോ അതിനു ശേഷമോ ജനിച്ചവർക്ക് (65 വയസ്സ്) ആദ്യഘട്ടത്തിൽ ചേരാവുന്നതാണ്. ഈ ആനുകൂല്യം 2021 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ മാത്രമായിരിക്കും. പിന്നീട് പദ്ധതിയിൽ ചേരുന്നതിനുള്ള പ്രായം 60 വയസ്സായി നിജപ്പെടുത്തുന്നതാണ്.

6. "ഭദ്രം" പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ (2021 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ) ഇപ്പോൾ നിലവിലുള്ള തൃശ്ശൂർ ജില്ലാ കൗൺസിൽ അംഗങ്ങൾക്കും യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർക്കും പ്രായഭേദമന്യേ ചേരാവുന്നതാണ്. ഈ ആനുകൂല്യം പിന്നീട് നൽകുന്നതല്ല.

7. "ഭദ്രം" പദ്ധതിയിൽ ചേരുന്നവർ നിലവിൽ തങ്ങൾക്ക് മാരകമായ അസുഖങ്ങളോ മാറാരോഗങ്ങളോ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇത് അതാത് യൂണിറ്റ് കമ്മിറ്റികളും ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. "ഭദ്രം" പദ്ധതിയിൽ ചേരുവാൻ 3000 രൂപ പദ്ധതിയിലേക്ക് സംഭാവനയും 1000 രൂപ മരണാനന്തര പങ്കാളിത്ത സംഭാവനയും (ഒരാൾക്ക് 3000+1000=4000 രൂപ) പദ്ധതിയിലേക്ക് സംഭാവന നൽകേണ്ടതാണ്. ഓരോ വ്യക്തിയും ഇതിലേക്ക് നൽകുന്ന സംഭാവനകൾ പൂർണ്ണമായും ജീവകാരുണ്യപ്രവർത്തനമായി മാത്രം പരിഗണിക്കേണ്ടതാണ്.

9. പദ്ധതിയിലേക്ക് സംഭാവനകൾ നൽകി 100 ദിവസത്തിന് ശേഷമോ / നിശ്ചിത തിയ്യതിക്ക് ശേഷമോ അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ ഭദ്രം പദ്ധതിയിൽ ചേരുവാൻ 2021 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെയാണ് സമയം അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ ചേരുന്നവർക്ക് 2022 ജനുവരി 1 മുതൽ മരണാനന്തര ആനുകൂല്യവും 2022 ജൂലായ് 1 മുതൽ ചികിത്സാ സഹായവും ലഭിക്കുന്നതാണ്. ആദ്യഘട്ടത്തിൽ ഏതെങ്കിലും ഒരു അംഗം സംഭാവന നൽകിയതിന് ശേഷം 2021 ഡിസംബർ 31ന് അകം മരണപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ കുടുംബത്തിന് 10,000രൂപ (പതിനായിരം രൂപ മാത്രം) സഹായധനമായി നൽകുന്നതാണ്.

10. "ഭദ്രം" പദ്ധതിയിൽ പങ്കാളികളായവർ വ്യാപാരം നിർത്തുകയോ, സ്ഥാപനം കൈമാറ്റം ചെയ്യുകയോ ചെയ്താലും പദ്ധതിയിൽ തുടരാവുന്നതാണ്. അങ്ങനെയുള്ള അംഗങ്ങൾ രേഖാമൂലം ബെനവലന്റ് സൊസൈറ്റിയിൽ അറിയിക്കേണ്ടതാണ്.

11. "ഭദ്രം" പദ്ധതിയിലെ ഒരു അംഗം മരണപ്പെട്ടാൽ 10 ലക്ഷം രൂപ മരണാനന്തര ആനുകൂല്യം നല്കുന്നതിലേക്കായി 100 രൂപ വീതം എല്ലാ അംഗങ്ങളും സംഭാവനയായി നൽകേണ്ടതാണ്.

(ഈ രീതിയിൽ സംഭാവന ഓരോ മരണത്തിനും എല്ലാ അംഗങ്ങളും നൽകണം, ഉദാഹരണമായി ഒരു മാസത്തിൽ 4 അംഗങ്ങൾ മരണപ്പെട്ടാൽ 100 X 4 = 400 രൂപ പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ അംഗങ്ങളും നൽകേണ്ടതാണ്). ഇതിലേക്കാണ് സംഭാവനയായി 1000 രൂപ മുൻകൂറായി സ്വീകരിക്കുന്നത്. ഏതെങ്കിലും മാസത്തിൽ 10 പേരിൽ കൂടുതൽ മരണപ്പെട്ടാൽ ഭദ്രം പദ്ധതിയിൽ ആവശ്യമായ നീക്കിയിരിപ്പുണ്ടെങ്കിൽ അതിൽനിന്നും സഹായ ധനം അനുവദിക്കുന്നതാണ്. നീക്കിയിരിപ്പുള്ളിടത്തോളം കാലം ഒരു മാസത്തിൽ 10 പേരിൽ കൂടുതൽ മരണപ്പെട്ടാൽ അതിനായി പ്രത്യേകം സംഭാവന നൽകേണ്ടതില്ല.

12. "ഭദ്രം" പദ്ധതിയിൽ ഉൾപ്പെട്ട ഒരാൾ മരിച്ചാൽ അംഗങ്ങൾ നൽകേണ്ട 100 രൂപ വീതമുള്ള മരണാനന്തര സംഭാവന 10 തവണയിൽ കൂടുതൽ ഒരാൾ നൽകാതിരുന്നാൽ അയാൾ പദ്ധതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടുന്നതും, യാതൊരു കാരണവശാലും മുൻപ് നൽകിയ സംഭാവനകൾ തിരികെ ലഭിക്കുന്നതുമല്ല. ഇത്തരം ആളുകൾക്ക് തുടർന്നുള്ള യാതൊരു ഭദ്രം പദ്ധതി ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല ഇത്തരത്തിൽ ഒഴിവാക്കപ്പെടുന്ന ആളുകളെ പിന്നീട് പദ്ധതിയിൽ പങ്കാളികളാക്കുന്നതുമല്ല.

13. മരണപ്പെട്ട അംഗത്തിന് അദ്ദേഹം അംഗമായ യൂണിറ്റിൽ സാമ്പത്തിക ബാധ്യതയുണ്ടെങ്കിൽ അത് രേഖാമൂലം തെളിവുകൾ സഹിതം യൂണിറ്റ് ഭാരവാഹികൾ ബെനവലന്റ് സൊസൈറ്റിയെ ബോധിപ്പിച്ചാൽ, ആശ്രിതർക്ക് നൽകുന്ന തുകയിൽനിന്നും പരമാവധി പകുതി തുക മേൽ ബാധ്യതയിലേക്കായി നൽകുന്നതാണ്. ബാക്കിയുള്ള തുക മാത്രമേ കുടുംബത്തിന് നൽകുകയുള്ളൂ. വിവരം രേഖാമൂലം കുടുംബത്തെ അറിയിക്കുന്നതാണ്.

14. ഒരു അംഗം മരണപ്പെട്ടാൽ മരണ സർട്ടിഫിക്കറ്റ്, നോമിനിയുടെ അപേക്ഷ, രേഖകൾ സാക്ഷ്യപ്പെടുത്തിയ യൂണിറ്റിന്റെ അപേക്ഷ എന്നിവ സഹിതം വ്യാപാരി വ്യവസായി ബെനവലന്റ് സൊസൈറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ ധനസഹായം ഉടനെത്തന്നെ നൽകുന്നതാണ്.

15. "ഭദ്രം" പദ്ധതിയിൽ ചേർന്നതിന്ശേഷം ആവശ്യമെങ്കിൽ നോമിനിയെ മാറ്റാവുന്നതാണ്. ആയതിന് ആവശ്യമായ തുകയുടെ മുദ്രപേപ്പറിൽ നോമിനിയുടെ വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

16. "ഭദ്രം" പദ്ധതിയിൽ ചേർന്ന വ്യക്തിയും നോമിനിയും ഒരുമിച്ച് മരണപ്പെട്ടാൽ ചേർന്നവ്യക്തിയുടെ അവകാശിക്ക്/ അവകാശികൾക്ക് തുക നൽകുന്നതാണ്. ഇതിലേക്കായി വില്ലേജ് ഓഫീസിൽ നിന്നും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

17. "ഭദ്രം" പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന അർഹതപ്പെട്ട വ്യാപാരികൾ അപേക്ഷ ഫോറം പൂരിപ്പിച്ച് ഒരു ഫോട്ടോ, വയസ്സ് തെളിയിക്കുന്ന രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ യൂണിറ്റ് സാക്ഷ്യപ്പെടുത്തിയ കോപ്പി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച ശേഷം അംഗത്വം നൽകുന്നതാണ്.

18. "ഭദ്രം" പദ്ധതി പുനരവലോകനം ചെയ്യുന്നതിനും നടത്തിപ്പിലും, ഘടനയിലും കാലോചിതമായ മാറ്റം വരുത്തുന്നതിനും വ്യാപാരി വ്യവസായി ബെനവലന്റ് സൊസൈറ്റിക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഭദ്രം പദ്ധതി സംബന്ധിച്ച എല്ലാവിധ തർക്കങ്ങളിലും വ്യാപാരി വ്യവസായി ബെനവലന്റ് സൊസൈറ്റി ഭരണസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**എൻ.ആർ. വിനോദ് കുമാർ**
ജന. സെക്രട്ടറി
കേരള വ്യാപാരി വ്യവസായി
ഏകോപന സമിതി

**കെ.വി. അബ്ദുൾ ഹമീദ്**
ചെയർമാൻ
വ്യാപാരി വ്യവസായി
ബെനവലന്റ് സൊസൈറ്റി

15-08-2021
തൃശ്ശൂർ